LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നഗരത്തിലെ മൊബൈൽ മാവേലി സ്റ്റോർ

47 [2016] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മൊബൈൽ മാവേലി സ്റ്റോർ ഇപ്പോൾ സേവനം നടത്തിക്കൊണ്ടിരിക്കുന്ന പരിധി വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എലത്തൂർ പഞ്ചായത്തിൽ ജി.സി.ഡി.എ. തുടങ്ങിയ ബസ് സ്റ്റാന്റുവരെ മൊബൈൽ മാവേലി സ്റ്റോർ നീട്ടണം എന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആവശ്യം അനുവദിച്ച് കോഴിക്കോട് പുതിയങ്ങാടിവരെ വരുന്ന മൊബൈൽ മാവേലി സ്റ്റോർ എലത്തൂർ ബസ് സ്റ്റാന്റുവരെ നീട്ടാൻ ഉത്തരവ് ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) എലത്തൂർ പഞ്ചായത്തിൽ പോലീസ് സ്റ്റേഷനുസമീപം (ജി.സി.ഡി.എ. ബസ് സ്റ്റാന്റിന് തെക്കുവശം) എല്ലാ തിങ്കളാഴ്ചയും കൊയിലാണ്ടി ഡിപ്പോയുടെ മൊബൈൽ മാവേലി സ്റ്റോർ പ്രവർത്തനം നടത്തിവരുന്നതിനാൽ കോഴിക്കോട് നഗര പരിധിയിൽ ഓടുന്ന മൊബൈൽ മാവേലി സ്റ്റോർ എലത്തൂരിലേയ്ക്ക് നീട്ടേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

48 [2017] ശ്രീമതി. ഗിരിജാസുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പുതുതായി തുടങ്ങി; എത്ര എണ്ണം അടച്ചുപൂട്ടി; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മാവേലി സ്റ്റോർ മുഖേന ലഭിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വില ഓരോന്നിനും ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്രവീതം കുറയ്ക്കുകയും കൂട്ടുകയും ചെയ്തു എന്നുള്ള വിശദവിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ കല്ലടിക്കോട് എന്ന സ്ഥലത്ത് പുതുതായി ഒരു മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുകയും കാരക്കുറിശ്ശിയിൽ തുടങ്ങാനുള്ള പ്രവർത്തനം പുരോഗമിക്കുക